# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2460**

**05.11.2019 ൽ മറുപടിക്ക്**

### ചെങ്ങോട്ടുമലയിലെ കരിങ്കൽ ഖനനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ചെങ്ങോട്ടുമലയിൽ കരിങ്കൽ ഖനനം നടത്തുന്നതിനുള്ള അനുമതിക്കായി അപേക്ഷ ഡിസ്ട്രിക്റ്റ് എൻവയൺമെന്റ് ഇംപാക്റ്റ് അസ്സെസ്സ്മെന്റ് കമ്മിറ്റി മുൻപാകെ വന്നിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) ശ്രീ.തോമസ് ഫിലിപ്പ്, ചെറുപുളിച്ചിയിൽ വീട്, പ്രൊപ്രൈറ്റർ, ഡൽറ്റ റോക്ക് പ്രോഡക്റ്റ്സ്, ചെറുകളഞ്ഞി പോസ്റ്റ്, റാന്നി, പത്തനംതിട്ട എന്ന വ്യക്തി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, കോഴിക്കോട് (DEIAA) നിലവിലുണ്ടായിരുന്ന സമയത്ത് പാരിസ്ഥിതികാനുമതിക്കായി അപേക്ഷിച്ചിരുന്നതും DEIAA പാരിസ്ഥിതികാനുമതി അനുവദിച്ചിട്ടുള്ളതുമാണ്. |
| (ബി) ഉണ്ടെങ്കിൽ, നിലവിൽ പ്രസ്തുത സ്ഥലത്ത് കരിങ്കൽ ഖനനം നടത്തുന്നതിന് ജില്ലയിലെ ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലം പാരിസ്ഥിതിക ദുർബലപ്രദേശമാണോ എന്നറിയിക്കാമോ; | (ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നാണ് ഖനനാനുമതി നൽകേണ്ടത്. പ്രസ്തുത വകുപ്പിൽ നിന്നും ഖനനാനുമതി നൽകിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ കരട് വിജ്ഞാപന പ്രകാരം പ്രസ്തുത സ്ഥലം പരിസ്ഥിതി ദുർബല പ്രദേശമല്ല. |
| (സി) നിലവിലെ സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്ത് കരിങ്കൽ ഖനനം നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) പ്രസ്തുത സ്ഥലത്ത് ക്വാറീയിങ് ലീസ് അനുവദിക്കുന്നതിന്റെ മുന്നോടിയായി വിവിധ വകുപ്പുകളിൽ നിന്നും സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ സമ്പാദിക്കുന്നതിലേയ്ക്ക് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ചിരുന്നു. ആയതനുസരിച്ച് സ്റ്റാറ്റ്യൂട്ടറി ലൈസൻസുകളായ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള കൺസന്റ്, പഞ്ചായത്ത് ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ്, പാരിസ്ഥിതികാനുമതി എന്നിവയും മൈനിങ് പ്ലാനും, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ ഖനനാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. നാളിതുവരെ ടി രേഖകൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് മുമ്പാകെ ഹാജരാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ